**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നാഷണൽ റർബൻ മിഷൻ - മങ്ങാട്ടിടം, പുത്തൻവേലിക്കര, പുതുപ്പള്ളി, വെള്ളനാട് എന്നീ ക്ലസ്റ്ററുകളിലെ പ്രവൃത്തികൾ വികേന്ദ്രീകൃത ആസൂത്രണ നിർവ്വഹണ രീതിയിൽ നടത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

=====================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)341/17/തസ്വഭവ** **തിരുവനന്തപുരം, തീയതി: 06.02.2017**

=====================================================================

പരാമർശം: 1. 19.10.2016 ലെ എസ്എൽഇസി മീറ്റിംഗിന്റെ മിനിട്ട്സ്.

2. ഗ്രാമവികസന കമ്മീഷണറുടെ 07-11-2016 തീയതിയിലെ 20321/ആർഐ 3/ /2016/സി.ആർ.ഡി നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്ര സർക്കാർ 2015 സെപ്റ്റംബറിൽ പ്രഖ്യാപിച്ച് കേന്ദ്ര ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന നാഷണൽ റർബൻ മിഷൻ എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതിക്കായി 5,142.08 കോടി രൂപ വക കൊള്ളിച്ചിരിക്കുന്നു. നാഷണൽ റർബൻ മിഷന്റെ പദ്ധതി നിർവ്വഹണ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്ഥാനത്ത് 4 ക്ലസ്റ്ററുകൾ തെരഞ്ഞെടുക്കുകയുണ്ടായി. കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ച ക്ലസ്റ്ററുകളുടെ നിർവ്വഹണം വികേന്ദ്രീകൃത ആസൂത്രണ നിർവ്വഹണ രീതിയിൽ നടത്തണമെന്ന് പരാമർശം(1) പ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ സാഹചര്യത്തിൽ, അംഗീകാരം ലഭിച്ച താഴെ പറയുന്ന ക്ലസ്റ്ററുകളിലെ പ്രവൃത്തികൾ വികേന്ദ്രീകൃത ആസൂത്രണ നിർവ്വഹണ രീതിയിൽ നടത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | ക്ലസ്റ്റർ | പഞ്ചായത്തുകൾ |
|---|---|---|---|
| 1 | കണ്ണൂർ | മാങ്ങാട്ടിടം ക്ലസ്റ്റർ | മാങ്ങാട്ടിടം, കോട്ടയം |
| 2 | എറണാകുളം | പുത്തൻവേലിക്കര ക്ലസ്റ്റർ | പുത്തൻവേലിക്കര, കുന്നുകര |
| 3 | കോട്ടയം | പുതുപ്പള്ളി ക്ലസ്റ്റർ | പുതുപ്പള്ളി, മണർകാട് |
| 4 | തിരുവനന്തപുരം | വെള്ളനാട് ക്ലസ്റ്റർ | വെള്ളനാട്, ആര്യനാട് |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

മിനിമോൾ എബ്രഹാം

അഡീഷണൽ സെക്രട്ടറി

പകർപ്പ്

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.